പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1499 — 06.03.2018-ലെ മറുപടിക്ക്

# വയനാട് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലേയ്ക്ക് എത്ര പുതിയ ബസുകൾ അനുവദിച്ചു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വയനാട് ജില്ലയിലെ ഡിപ്പോകൾക്ക് മൂന്ന് നോൺ എ.സി. ജൻറം ബസ്സുകൾ ഉൾപ്പടെ 51 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

| ഡിപ്പോ | KSRTC | JnNURM |
|---|---|---|
| കല്പറ്റ | 15 | 1 |
| മാനന്തവാടി | 12 | 1 |
| സുൽത്താൻ ബത്തേരി | 21 | 1 |
| ആകെ | 48 | 3 |

(ബി) വയനാട് ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ നിലവിൽ സർവ്വീസ് നടത്താൻ കഴിയുന്ന ബസുകളുടെ എണ്ണം എത്ര ; ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്കൽ സ്റ്റാഫ് എന്നിവരുടെ നിലവിലുള്ള അംഗസംഖ്യ എത്രയെന്ന് അറിയിക്കാമോ?

(ബി) വയനാട് ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് ജൻറം ഉൾപ്പെടെ 272 ബസുകൾ സർവ്വീസ് നടത്താൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ, 9 ബസുകൾ കൂടി താൽക്കാലികമായി മറ്റ് ഡിപ്പോകളിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഡിപ്പോ തിരിച്ചുള്ള ബസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. അനുവദിച്ചിട്ടുള്ള ബസുകളുടെ എണ്ണം

| ഡിപ്പോ | KSRTC | JnNURM | Temporary |
|---|---|---|---|
| കല്പറ്റ | 63 | 9 | 4 |
| മാനന്തവാടി | 94 | 4 | 0 |
| സുൽത്താൻ ബത്തേരി | 97 | 5 | 5 |
| ആകെ | **254** | **18** | **9** |

| | | | |
|---|---|---|---|
| | | | 01/03/2018-ലെ കണക്കു പ്രകാരം ഇതിൽ 240 കെ.എസ്.ആർ.ടി.സി. ബസുകളും 15 ജൻറം ബസുകളും സർവീസ് നടത്തുവാൻ കഴിയുന്നവ യായിരുന്നു. അന്നേ ദിവസം ജൻറം ഉൾപ്പെടെ കല്പറ്റ ഡിപ്പോയിലെ 10 ബസുകളും, മാനന്തവാടി ഡിപ്പോയിലെ 6 ബസുകളും, സുൽത്താൻ ബത്തേരി ഡിപ്പോയിലെ 10 ബസുകളും വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരുന്നു. ടി ബസുകൾ നിരത്തിലിറക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വയനാട് ജില്ലയിൽ വിവിധ കെ.എസ്.ആർ.ടി.സി ഡിപ്പോകളിലായി നിലവിലുള്ള അംഗസംഖ്യ ചുവടെ ചേർക്കുന്നു.<br>ഡ്രൈവർ - 615<br>കണ്ടക്ടർ - 597<br>മെക്കാനിക്ക് - 195 |

സെക്ഷൻ ഓഫീസർ